# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5283 5-7-2012 ന് മറുപടിയ്ക്ക്

**നെല്ലിയാമ്പതി തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി ചെന്താമരാക്ഷൻ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഏറ്റെടുത്ത നെല്ലിയാമ്പതിയിലെ തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) സർക്കാർ ഏറ്റെടുത്ത നെല്ലിയാമ്പതിയിലെ റോസറി, ബിയാട്രീസ്, തൂത്തമ്പാറ, മീരാഫ്ളോറസ് എന്നീ തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തിയിട്ടുണ്ട്. തോട്ടത്തിലെ ജോലികൾ എല്ലാം അവിടത്തെ തൊഴിലാളികളെ കൊണ്ടു തന്നെയാണ് ചെയ്യിക്കുന്നത്. മേൽ എസ്റ്റേറ്റുകൾ സർക്കാർ ഉത്തരവ് പ്രകാരം 11/12/2011 ന് കെ.എഫ്.ഡി.സി ക്ക് പരിപാലിക്കുന്നതിനായി നൽകിയിട്ടുണ്ട്. നിലവിൽ ടി തോട്ടങ്ങളിലെ ജോലികളെല്ലാം കെ.എഫ്.ഡി.സി അവിടത്തെ തൊഴിലാളികളെ കൊണ്ടു തന്നെയാണ് ചെയ്യിക്കുന്നത്. |
| (ബി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (ബി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിന് പ്രത്യേക തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. എന്നാൽ കെ.എഫ്.ഡി.സി യ്ക്ക് പരിപാലന |

——2

ത്തിനായി നല്കിയ തോട്ടങ്ങളിലെ ജോലികളെല്ലാം അതത് തോട്ടങ്ങളിലെ തൊഴിലാളികളെക്കൊണ്ടു തന്നെയാണ് ചെയ്യിക്കുന്നത്.

സെക്ഷൻ ആഫീസർ